LIBRARY ARCHIVES Kerala Legislative Assembly

മലയാറ്റൂർ ഡിവിഷൻ ഫോറസ്റ്റ് ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിലും റീ ബിൽഡ് കേരള/ നബാർഡ് RIDF എന്നീ പദ്ധതികളിലും ഉൾപ്പെടുത്തി അരേക്കാപ്പ് പട്ടികവർഗ്ഗ സങ്കേതത്തിൽ ഗതാഗത സൗകര്യം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

തിരുനാരായണപുരം പട്ടികജാതി കോളനിയിലെ വിജ്ഞാൻവാടി

30(775) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ നിയോജകമണ്ഡലത്തിലെ തിരുനാരായണപുരം പട്ടികജാതി കോളനിയിലെ വിജ്ഞാൻ വാടിയിൽ ഇന്റർനെറ്റ് കണക്ഷൻ ഇല്ലാത്തതും കമ്പ്യൂട്ടറും പ്രിന്ററും പ്രവർത്തനരഹിതമായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിജ്ഞാൻവാടി എന്നത്തേക്ക് പൂർണ്ണ പ്രവർത്തന സജ്ജമാക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ലാ പട്ടികജാതി വികസന ഓഫീസിൽനിന്നും കമ്പ്യൂട്ടർ വാങ്ങുന്നതിനും ഇന്റർനെറ്റ് കണക്ഷൻ എടുക്കുന്നതിനും ആവശ്യമായ തുക അനുവദിച്ച് പ്രസ്തുത വിജ്ഞാൻവാടി അടിയന്തരമായി പ്രവർത്തനസജ്ജമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഈ വിഷയത്തിൽ പട്ടികജാതി ക്ഷേമ വകുപ്പുമന്ത്രിയുടെ ഓഫീസിൽ നിന്നുള്ള No.017/2021/VIP/M (SC/ST&D) നമ്പർ കത്തിൽ പട്ടികജാതി വികസന ഡയറക്ടർ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഫയൽ ഇപ്പോൾ ആരുടെ പരിഗണനയിലാണെന്നും വ്യക്തമാക്കാമോ?

പ്രസ്തുത കത്ത് അടിയന്തര നടപടി സ്വീകരിക്കുന്നതിനായി 13-9-2021-ലെ സി2/352/2021/പജപവവിവ നമ്പർ കത്ത് പ്രകാരം വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത കത്ത് നിലവിൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പരിശോധിച്ചു വരുന്നു.